# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3498.** **14.10.2011 - ൽ മറുപടിക്ക്**

**കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. ടി.എം.തോമസ് ഐസക് | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) | |
| (എ) | കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ എന്ന് പ്രവർത്തനം തുടങ്ങുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (എ) | പഴയ മാനേജ്മെന്റിന്റെ കാലത്തെ വൈദ്യുതി കുടിശ്ശിക അടയ്ക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ ഇനിയും ലഭിച്ചിട്ടില്ല. കൂടാതെ മില്ലിലെ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയുടെ സ്റ്റേ നിലവിലുണ്ട്. ജീവനക്കാരുടെ നിയമനത്തിന് കോടതി ഉത്തരവ് ലഭിക്കുന്ന മുറയ്ക്കും വൈദ്യുതി കണക്ഷൻ ലഭിക്കുന്ന മുറയ്ക്കും മില്ലിന്റെ പ്രവർത്തനം തുടങ്ങാൻ കഴിയും. |
| (ബി) | ഈ സ്ഥാപനത്തിന് പ്രവർത്തിക്കുവാൻ ആവശ്യമായ വൈദ്യുതി കണക്ഷൻ എന്ന് ലഭ്യമാക്കുവാൻ കഴിയും; | (ബി) | കെ.എസ്.ഇ.ബി യുടെ ബാധ്യത തീർക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ കഴിയുന്നതാണ്. |
| (സി) | വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ എന്തെങ്കിലും തടസ്സമുണ്ടോ; | (സി) | ഉണ്ട്. |

| | |
|---|---|
| (ഡി) എങ്കിൽ തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) മില്ലിന്റെ പഴയ മാനേജ്മെന്റ് വൈദ്യുതി ബോർഡിന് നൽകാനുള്ള കുടിശ്ശിക യായിരുന്നു വൈദ്യുതി കണക്ഷൻ ലഭിക്കാൻ തടസ്സമായിരുന്നത്. എന്നാൽ ഇത് പരിഹരിക്കുന്നതിന് വൈദ്യുതി ബോർഡുമായി ധാരണയായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**